"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ കോട്ടയം ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീ. സഞ്ജു വർഗ്ഗീസിനെ ജോലിയിൽ നിന്നും പിരിച്ചു വിട്ടതിനെതിരെ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 25662/2024 നമ്പർ കേസിന്റെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2025/LSGD തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:-

1. ശ്രീ. സഞ്ജു വർഗ്ഗീസ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ നിവേദനം (Ext. P2)
2. ബഹു. കേരള ഹൈക്കോടതി മുൻപാകെ ശ്രീ. സഞ്ജു വർഗ്ഗീസ് ഫയൽ ചെയ്തിരുന്ന WP(C) No. 25662/2024 നമ്പർ കേസിലെ 21/8/2024ലെ വിധിന്യായം
3. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 30/07/2024ലെ A1/CKCL/1837/2024-MD നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം.1468/2024/തസ്വഭവ തീയതി 07/08/2024.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17/12/2024ലെ LSGD/PD/30683/2024-PH4 നമ്പർ കത്ത്.

**ഉത്തരവ്**

ക്ലീൻ കേരള കമ്പനി ലിമിറ്റഡിലെ കോട്ടയം ജില്ലയിലെ അസിസ്റ്റന്റ് മാനേജർ ആയിരുന്ന ശ്രീ. സഞ്ജു വർഗ്ഗീസിനെ ജോലിയിൽ നിന്നും പിരിച്ചു വിട്ടതായും ടിയാളെ തൽസ്ഥാനത്ത് തിരിച്ചെടുക്കണമെന്നും ആവശ്യപ്പെട്ട് ബഹു കേരള ഹൈക്കോടതി മുൻപാകെ WP(C) No. 25662/2024 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ പരാമർശം (2) വിധിന്യായം കൈപ്പറ്റി രണ്ട് മാസത്തിനകം Ext. P2 (പരാമർശം 1) നിവേദനം പരിശോധിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടിക്കുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസിന്റെ വിധിന്യായം 04/10/2024 ൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിക്കുകയും വിധിന്യായത്തിന്റെ സമയപരിധി 02/12/2024ന് അവസാനിക്കുമെന്നതിനാൽ വിധിന്യായം പാലിക്കുന്നതിന് അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് ബഹു. കോടതി മുൻപാകെ Extension Petition ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2) ശ്രീ. സഞ്ജു വർഗ്ഗീസിന്റെ നിവേദനത്തിന്മേൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ക്ലീൻ കേരള കമ്പനിയിൽ കോട്ടയം ജില്ലാ മാനേജർ ആയി വാർഷിക കരാർ വ്യവസ്ഥയിൽ ശ്രീ.സഞ്ജു വർഗ്ഗീസ് 04/11/2020 -നാണ് ചുമതലയേറ്റത്. കോട്ടയം ജില്ലയിൽ ആകെയുള്ള 89 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പനിയുമായി ചേർന്ന് പ്രവർത്തിച്ചിരുന്നവയിൽ നിരവധി സ്ഥാപനങ്ങൾ ടിയാൾ കമ്പനിയുടെ ജില്ലാ മാനേജർ ആയി ചാർജ് എടുത്തതിനുശേഷം കമ്പനിയുമായുള്ള കരാർ റദ്ദ് ചെയ്ത് മറ്റ് സ്വകാര്യ കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിരുന്നതായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കാര്യക്ഷമമായി മാലിന്യം നീക്കുന്ന നടപടികൾക്ക് ടിയാൾ മുൻകൈ എടുത്തു

പ്രവർത്തിക്കുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരുമായി ചേർന്ന് മാലിന്യം നീക്കുന്നതിന് ഏകോപനം നടത്തുകയോ ചെയ്യാത്തത് കാരണമാണ് ഇങ്ങനെ നിരവധി സ്ഥാപനങ്ങൾ കമ്പനിയുമായുള്ള കരാർ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയവ വീണ്ടെടുക്കാൻ ടിയാളുടെ ഭാഗത്തു നിന്നും യാതൊരു പ്രവർത്തനവും ഉണ്ടായില്ല. ഇത് ജില്ലയിൽ കമ്പനിയുടെ മികവിനെ സാരമായി ബാധിക്കുകയും ടിയാൾ സ്വകാര്യ ലാഭത്തിനുവേണ്ടി ഏജൻസി കളുമായി ചേർന്ന് പ്രവർത്തിച്ചതിലൂടെ കമ്പനിയ്ക്കും ഹരിതകർമ്മസേനയ്ക്കും സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്തു. HM Plastic ഏജൻസികൾക്ക് കമ്പനി വിൽക്കുന്നത് കിലോഗ്രാമിന് 10/- രൂപ നിരക്കിലും തരംതിരിച്ച് കൈമാറുന്നതിന് ഹരിതകർമ്മസേനയ്ക്ക് കിലോഗ്രാമിന് 7/- രൂപ നിരക്കിൽ കമ്പനി നൽകി വരുന്നുണ്ട് എന്നാൽ Ekaiva Eco Solutions എന്ന കമ്പനിയ്ക്ക് HM Plastic സാധനങ്ങൾ HM Mix എന്ന പേരിൽ ആഗസ്റ്റ് മാസം മുതൽ 2024 ജനുവരി മാസം വരെ മാത്രം ഏകദേശം 19245 കിലോഗ്രാം HM Plastic, HM Mix ആയി നൽകിയത് വഴിമാത്രം കമ്പനിയ്ക്ക് കിട്ടേണ്ട 1,92,450/- രൂപയ്ക്ക് പകരം 5 രൂപയ്ക്ക് നൽകിയതിലൂടെ 96,225/- രൂപയും ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട 1,34,715/- രൂപയ്ക്ക് പകരം 67,358/- രൂപയുമാണ് ലഭിച്ചത്. ടി പ്രവർത്തികളോട് ശ്രീ.സഞ്ജു വർഗ്ഗീസിനോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും തൃപ്തികരമായ വിശദീകരണം നൽകിയില്ല. ടിയാളുടെ കാര്യക്ഷമമില്ലായ്മയുടെയും ജില്ലയിലെ മറ്റ് ജീവനക്കാരെ ഒത്തൊരുമയോടെ പ്രവർത്തിപ്പിച്ച് ജില്ലയുടെ പൊതുവായ വളർച്ചയ്ക്ക് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള കഴിവില്ലായ്മയും, ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എംസിഎഫുകളിൽ നിന്നും മാലിന്യം നീക്കണമെന്ന ആസ്ഥാന കാര്യാലയത്തിൽ നിന്നും വിവിധ തദ്ദേശസ്ഥാപന അധികാരികളുടെ നിർദ്ദേശത്തെ അവഗണിച്ചതിന്റെയും ഫലമായി അകലകുന്നം, കിടങ്ങൂർ, എലിക്കുളം, മണർകാട്, തിരുവാർപ്പ്, അതിരമ്പുഴ, നീണ്ടൂർ, കടപ്ലാമറ്റം, മാഞ്ഞൂർ, മീനച്ചിൽ, തിടനാട്, ഭരണങ്ങാനം തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പനിയുമായുള്ള കരാർ അവസാനിപ്പിക്കാനിടയായത് ജില്ലാ മാനേജർ എന്ന നിലയിൽ ടിയാൾക്ക് ജില്ലയിലെ ബിസിനസ് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. കോട്ടയം ജില്ലയിൽ ജില്ലാ ഗോഡൗൺ ആയി ഉപയോഗിക്കുന്നതിന് വാടകയ്ക്ക് എടുത്തിരുന്ന ഗോഡൗൺ ടിയാന്റെ അനാസ്ഥമൂലം പാഴ് വസ്തുക്കൾ സമയബന്ധിതമായി മാറ്റാതെ അടച്ചിടാൻ കാരണമാക്കിയതുവഴി വാടകയ്ക്ക് എടുത്തിരുന്ന കെട്ടിടത്തിന് പ്രതിവർഷം 7,73,040/- രൂപ നഷ്ടം കമ്പനിയ്ക്ക് ഉണ്ടാക്കുന്നതിന് കാരണമായിട്ടുണ്ട്. ശ്രീ.സഞ്ജു വർഗ്ഗീസ് കോട്ടയം ജില്ലയിൽ കമ്പനിയുടെ ജില്ലാ മാനേജർ ആയി പ്രവർത്തിച്ച് വന്നിരുന്നത് വാർഷിക കരാർ അടിസ്ഥാനത്തിലാണ്.
ഓരോ വർഷവും പ്രവർത്തനം വിലയിരുത്തി കരാർ പുതുക്കി നൽകുകയാണ് ചെയ്യുന്നത്. ടിയാളുടെ കരാർ കാലാവധി 24/01/2024 തീയതിയിൽ അവസാനിക്കുകയും ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02/2024ൽ കൂടിയ കമ്പനിയുടെ 43-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ജില്ലാ മാനേജരുടെ ചാർജ്ജ് കൈമാറുന്നതിനായി പുതിയ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നിയമന നടപടികൾ ആരംഭിച്ചപ്പോൾ ലോകസഭാ തെരരെഞ്ഞടുപ്പിന്റെ പ്രഖ്യാപനം ഉണ്ടാവുകയും തുടർന്ന് പുതിയ നിയമനം നടത്തുന്നതിന് വിഘാതമായി മാതൃകാ പെരുമാറ്റചട്ടം നിലവിൽ വരുകയും ചെയ്ത സാഹചര്യത്തിലാണ് ശ്രീ. സഞ്ജു വർഗ്ഗീസിന്റെ കമ്പനിയിലുള്ള സേവനം 25/5/2024 ന് അപരാഹ്നം പ്രാബല്യത്തിൽ അവസാനിപ്പിച്ച് 18/05/2024-ലെ AO/2235/CKCL/2024-നമ്പർ പ്രകാരം ഉത്തരവായത് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. അജിത് കുമാർ എം.പി.യെ പരാമർശം (4) പ്രകാരം WP(C) No. 23959/2024 നമ്പർ കേസിന്റെ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി അന്വേഷണം നടത്തുന്നതിന് നിയമിക്കുകയും പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ മാലിന്യ വർദ്ധനവ് കൈകാര്യം ചെയ്യുന്നതിൽ വന്ന മേൽനോട്ടക്കുറവാണ് കാരണം എന്നും, മാനേജർ എന്ന നിലയിൽ ശ്രീ. സഞ്ജു വർഗ്ഗീസ്

ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിരുന്നുവെന്നും, കൂടാതെ പാഴ് വസ്തുക്കൾ മിക്സ് ചെയ്ത പ്ലാസ്റ്റിക്, കരാറുകാർക്ക് കൊടുത്തപ്പോൾ തദ്ദേശ സ്ഥാപനങ്ങൾ തന്നെ രസിത് ഒപ്പിട്ട് നൽകിയതായും അതിനാൽ പാഴ് വസ്തുക്കളുടെ അളവ് വർദ്ധിച്ചതിൽ രസിത് ഒപ്പിട്ടുനൽകിയ തദ്ദേശ സ്ഥാപനങ്ങൾ കൂടി ഉത്തരവാദികളാണെന്നും പറയുന്നു. ശ്രീ. സഞ്ജു വർഗീസിന്റെ പരാതി പരിശോധിച്ചതിൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർക്കെതിരായ പരാമർശങ്ങളാണ്. എന്നാൽ ടിയാന്റെ ഭാഗം വ്യക്തമായി ന്യായീകരിക്കത്തക്കതായി ഒന്നും കാണുന്നില്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ കമ്പനിയുടെ തീരുമാനപ്രകാരം ജോലിയുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ കോൺട്രാക്ട് പുതുക്കി നൽകുകയോ, ഇല്ലായെങ്കിൽ പിരിച്ചുവിടുകയോ ചെയ്യാവുന്നതാണ്. ശ്രീ. സഞ്ജു വർഗീസ് കമ്പനിയിൽ കോട്ടയം ജില്ലാ മാനേജർ ആയി പ്രവർത്തിച്ച് വന്നിരുന്നത് വാർഷിക കരാർ അടിസ്ഥാനത്തിലാണ്. നിലവിലെ കരാർ കാലാവധി 24/01/2024 ന് അവസാനിച്ചിട്ടുള്ളതാണ്. ടിയാൾ ഉൾപ്പെടെയുള്ള പ്രവർത്തനം മോശമായ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കേണ്ടതില്ലായെന്ന് 13/02/2024ൽ കൂടിയ കമ്പനിയുടെ 43-മത് ഡയറക്ടർ ബോർഡ് തിരുമാനിക്കുകയും ലോകസഭാ തെരെഞ്ഞടുപ്പമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റചട്ടം നിലവിൽവന്ന സാഹചര്യത്തിൽ 18/05/2024 അപരാഹ്നം പ്രാബല്യത്തിൽ കരാർ കാലാവധി അവസാനിപ്പിച്ചുകൊണ്ട് AO/2235/CKCL/2024-നമ്പർ പ്രകാരം ടിയാനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ.സഞ്ജു വർഗ്ഗീസിനെ ക്ലീൻ കേരള കമ്പനിയിലെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച കരാറിൽ ലംഘനം ഉണ്ടായതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടാതെ ടിയാളുടെ പ്രവർത്തനത്തിലെ വീഴ്ച കാരണം കരാർ പുതുക്കാത്തതാണെന്നും വ്യക്തമായിട്ടുണ്ട്.

4) അപ്രകാരം പരാമർശം (1) ലെ Ext.P2 നിവേദനം നിരസിച്ചുകൊണ്ടും പരാമർശം (5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പാഴ് വസ്തുക്കളുടെ അളവ് വർദ്ധിച്ചതിൽ രസിത് ഒപ്പിട്ടുനൽകിയതിൽ ഉത്തരവാദികളായ തദ്ദേശ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ടും പരാമർശം (2) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. സഞ്ജു വർഗ്ഗീസ്, S/o Varghese, Kattapurath House, Velloor P.O., Pambadi,
Kottayam - 686605

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/121/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 01-01-2025 15:29:38